21477
17/10/17

File No.FWLD-B1/114/2016-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-തൊടുപുഴ റെയിഞ്ചിൽ ശ്രീ.കെ.ജെ ജോണിന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തിയ പുനർ ലേലത്തിലുണ്ടായ സർക്കാർ നഷ്ടം എഴുതി തള്ളി ഉത്തരവാകുന്നു

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./379/2017/വനം തിരുവനന്തപുരം,തീയതി, 09/10/2017

പരാമർശം:- 1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം) ന്റെ 21.04.2014, 01.09.2014, 07.06.2016, 27.06.2016 തീയതികളിലെ പ്രൊ(6)- 9870/2014നമ്പർ കത്തുകൾ.
2) 08.12.2014-ലെ 5105/2014 നമ്പർ സർക്കാർ കത്ത്.

<u>ഉത്തരവ്</u>

തൊടുപുഴ റെയിഞ്ചിൽ 28.01.1983-ൽ നടത്തിയ പുനർ ലേലത്തിൽ ശ്രീ.കെ.ജെ.ജോൺ എന്നയാൾ 106/81-ാം നമ്പർ ലോട്ട് ഒഴികെ മറ്റെല്ലാ ലോട്ടുകളും ആദ്യ ലേലത്തേക്കാൾ കൂടിയ തുകയ്ക്ക് ലേലം കൊണ്ടതായും എന്നാൽ ശ്രീ.കെ.ജെ.ജോൺ ലേലം കൊണ്ട ഉൽപ്പന്നങ്ങൾ വില അടച്ച് നീക്കം ചെയ്യാതിരുന്നതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 29.07.1983, 11.11.1983 എന്നീ തീയതികളിൽ പുനർ ലേലം നടത്തുകയും ശ്രീ.കെ.ജെ.ജോൺ 28.01.1983- ൽ ലേലം കൊണ്ട ഉൽപ്പന്നങ്ങളുടെ ആകെ വിലയായ 78053.54/-രൂപയിൽ നിന്നും പുനർ ലേലത്തിലൂടെ ലഭിച്ച 8155.25/-രൂപ കുറച്ച ശേഷമുള്ള 69898/- രൂപ സർക്കാർ നഷ്ടമായി കണക്കാക്കിയതായും സംരക്ഷണ വിഭാഗം അഡി.വനപാലകൻ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം ശ്രീ.കെ.ജെ.ജോൺ എന്നയാളിൽ നിന്നും ഈടാക്കുവാൻ ടിയാൻ വ്യാജ മേൽവിലാസക്കാരനാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതിനാൽ സാധിച്ചിരുന്നില്ല. വ്യക്തമായ മേൽവിലാസത്തിന്റെ അഭാവത്തിൽ സമയബന്ധിതമായി റവന്യൂ റിക്കവറി നടപടി

ആരംഭിക്കുവാൻ സാധിക്കാത്തതിനാലും ഏതു മാർഗ്ഗേന ടി തുക ഈടാക്കുവാൻ സാധിക്കുമെന്ന് വ്യക്തത ഇല്ലാത്തതിനാലും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർ മിക്കവാറും എല്ലാവരും തന്നെ ഇതിനോടകം സർവീസിൽ നിന്നും വിരമിച്ച എന്നതിനാലും 33 വർഷം കഴിഞ്ഞ ടി കേസിൽ ഇനി നടപടി സ്വീകരിക്കുക എന്നത് അപ്രായോഗികമായതിനാലും സർക്കാർനഷ്ടം എഴുതിതള്ളണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (1)പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസിന്റെ പരാമർശം (1)ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ റെയിഞ്ചിൽ ശ്രീ.കെ.ജെ ജോണിന്റെ നഷ്ടോത്തരവാദിത്വത്തിൽ 28.01.1983ൽ നടത്തിയ പുനർലേലത്തിലുണ്ടായ സർക്കാർ നഷ്ടമായ 69,898/- (അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ടുരൂപ മാത്രം) എഴുതിത്തള്ളി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്സ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അഗ്രി സി2/75/2014/ധന)
വെബ്ബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ